# ഹയർ സെക്കന്ററി ഒന്നാം വർഷം
# മലയാളം

## മൂല്യനിർണ്ണയ സമീപനരേഖ – 2014

രണ്ടായിരത്തിപതിമൂന്നിൽ നടന്ന കേരളാ സ്കൂൾ പാഠ്യപദ്ധതിപരിഷ്ക്കരണത്തിന്റെ ഭാഗമായി ഒന്നാം വർഷ ഹയർസെക്കണ്ടറി മലയാളപാഠപുസ്തകം നിലവിൽ വന്നു. കാലാനുസൃതമായി പാഠപുസ്തകത്തിൽ വന്ന മാറ്റങ്ങൾ സ്വാഭാവികമായും മൂല്യനിർണ്ണയത്തിലും പ്രതിഫലിക്കേണ്ടതുണ്ട്. വിദ്യാർത്ഥികളുടെ പഠന പ്രക്രിയ മെച്ചപ്പെടുത്തുന്നതിനും പഠനപുരോഗതിവസ്തുനിഷ്ഠമായും ശാസ്ത്രീയമായും വിലയിരുത്തുന്ന തിനും കുറ്റമറ്റമൂല്യനിർണ്ണയം അനിവാര്യമാണ്. വിദ്യാർത്ഥിയുടെ പഠനനേട്ടങ്ങളിൽ അധിഷ്ഠിതമായ എഴുത്തു പരീക്ഷകളാണ് ആവശ്യമായി വരുന്നത്. ഇതിനെ ലക്ഷ്യംവച്ചുള്ള മാർഗ്ഗ രേഖയാണിത്.

ഗുണനിലവാരമുള്ള ചോദ്യങ്ങളാണ് കുറ്റമറ്റ പരീക്ഷയ്ക്ക് ആധാരം. വ്യത്യസ്തപഠനനേട്ടങ്ങളെയും ചിന്താ പ്രക്രിയകളെയും പരിഗണിയ്ക്കുന്നവിധത്തിലാകണം ചോദ്യങ്ങൾ രൂപപ്പെടേണ്ടത്. ഭിന്നപഠനനിലവാരത്തി ലുള്ള വിദ്യാർത്ഥികളെ പരിഗണിയ്ക്കുന്നതായിരിക്കണം ചോദ്യങ്ങൾ. അതുകൊണ്ടുതന്നെ ചോദ്യപേപ്പർ തയ്യാറാക്കുന്നതിന് പൊതുവായ മാർഗ്ഗരേഖ ആവശ്യമാകുന്നു.

ചോദ്യങ്ങൾ തയ്യാറാക്കാനുള്ള മാർഗ്ഗരേഖയ്ക്ക് നാല് തലങ്ങളുണ്ട്.

1. മുന്നൊരുക്കം
2. ചോദ്യങ്ങളുടെ സ്വഭാവം
3. ചോദ്യം തയ്യാറാക്കൽ
4. ചോദ്യപേപ്പറിന്റെ ഘടന

ഈ നാല് തലങ്ങളുടെ വിശദീകരണം.

### 1. മുന്നൊരുക്കം

1. മാറിയ പാഠ്യപദ്ധതിസമീപനവും പാഠപുസ്തകവും പരിചിതമാകണം.
2. പാഠപുസ്തകത്തിലെ വിവിധ യൂണിറ്റുകളിലെ പഠനനേട്ടങ്ങൾ പരിഗണിക്കണം.
3. വിവിധങ്ങളായ ചിന്താപ്രക്രിയകൾ പരിഗണിയ്ക്കണം.
4. ഓരോ യൂണിറ്റിൽ നിന്നും പ്രത്യേകം ചോദ്യശേഖരം തയ്യാറാക്കണം.
5. ചോദ്യങ്ങൾ മാർഗ്ഗരേഖ അടിസ്ഥാനപ്പെടുത്തിയുള്ളതാകണം.

### 2. ചോദ്യങ്ങളുടെ സ്വഭാവം

1. ചോദ്യങ്ങളുടെ ഭാഷ കൃത്യവും ലളിതവുമായിരിക്കണം
2. വസ്തുനിഷ്ഠ ചോദ്യങ്ങൾക്ക് (objective) താഴെപ്പറയുന്ന നാല് ചോദ്യമാതൃകകൾ നിർബന്ധമായും ഉൾപ്പെടുത്തിയിരിയ്ക്കണം.
    1. ബഹുവികല്പമാതൃകകൾ (Multiplechoice Questions)
    2. ചേരുംപടിചേർക്കൽ
    3. കൂട്ടത്തിൽ പെടാത്തത് കണ്ടെത്തൽ
    4. ശരിയോ തെറ്റോ എന്ന് കണ്ടെത്തൽ

3. ഉയർന്ന **ചിന്താശേഷികളെക്കൂടി** പരിഗണിച്ചായിരിക്കണം ചോദ്യങ്ങൾ.
4. ചോദ്യങ്ങളുടെ സമയം ചിന്താപ്രക്രിയയ്ക്കനുസരിച്ചും ഉത്തരമെഴുതാനാവശ്യമായ സമയം പരിഗണിച്ചും ആയിരിക്കണം നിജപ്പെടുത്തേണ്ടത്.
5. ഉത്തരങ്ങളുടെ ദൈർഘ്യം കൃത്യമായി നിർദ്ദേശിച്ചിരിക്കണം.
6. പഠനനിലവാരത്തിന് അനുസരിച്ച ചോദ്യങ്ങളായിരിക്കണം.
7. ചോദ്യങ്ങൾ പഠനനേട്ടങ്ങളെ ലക്ഷ്യമാക്കിയുള്ളതായിരിക്കണം.
8. വസ്തുനിഷ്ഠം, ഹ്രസ്വോത്തരം, ഉപന്യാസം എന്നിങ്ങനെ വ്യത്യസ്തചോദ്യമാതൃകകൾ ഉൾപ്പെടുത്തണം
9. ഒന്നോ അതിലധികമോ യൂണിറ്റുകളിലെ പഠനനേട്ടങ്ങളെ അടിസ്ഥാനമാക്കിയും ചോദ്യങ്ങൾ ചോദിക്കാം. ഉപചോദ്യങ്ങളും ഉൾപ്പെടുത്താം. പ്രസ്ഥാനപരിചയം, നവീന പ്രവണതകൾ ഇവയും ഉൾപ്പെടുത്തണം.
10. ഭാഷാശേഷി, സർഗ്ഗാത്മകത, എന്നിവയ്ക്ക് പ്രാധാന്യം നൽകുന്ന ചോദ്യങ്ങളായിരിക്കണം.
11. വിഭിന്നശേഷിയുള്ള വിദ്യാർത്ഥികളെക്കൂടി പരിഗണിക്കുന്ന വിധത്തിലായിരിയ്ക്കണം ചോദ്യങ്ങൾ.
12. ജാതി, മത - ലിംഗ വികാരങ്ങളെ വ്രണപ്പെടുത്തുന്ന ചോദ്യങ്ങൾ നിർബന്ധമായും ഒഴിവാക്കണം.

## 3. ചോദ്യം തയ്യാറാക്കൽ

1. ബ്ലൂപ്രിന്റിന്റെ അടിസ്ഥാനത്തിലായിരിക്കണം ചോദ്യങ്ങൾ തയ്യാറാക്കേണ്ടത്.
2. ചോദ്യപേപ്പറിന്റെ രൂപരേഖ തയ്യാറാക്കുമ്പോൾ ഉള്ളടക്കത്തിനും പഠനനേട്ടങ്ങൾക്കും ആപേക്ഷിക പ്രാധാന്യം (weighthage) നൽകണം. വ്യത്യസ്തമാതൃകയിലുള്ള ചോദ്യങ്ങൾ ഉൾപ്പെടുത്തണം.
3. ചോദ്യപേപ്പറിനൊപ്പം വ്യക്തമായ ഉത്തരസൂചികയും ചോദ്യാപഗ്രഥനവും തയ്യാറാക്കിയിരിക്കണം.
4. പരിഗണിച്ച ചിന്താശേഷികൾ ഏതൊക്കെയെന്ന് ഉത്തരസൂചികയിൽ രേഖപ്പെടുത്തിയിരിക്കണം.
5. ആശയസ്വാംശീകരണത്തിന് 60%, ആശയപ്രകാശനത്തിന് 40% എന്നീ രീതിയിൽ പ്രാതിനിധ്യം നൽകിയിരിക്കണം.
6. വസ്തുനിഷ്ഠ (objective) മാതൃകയ്ക്ക് 15% മുതൽ 20 % വരെ സ്കോറും ഉപന്യാസമാതൃകയ്ക്ക് 30% സ്കോറും ഹ്രസ്വോത്തരങ്ങൾക്ക് ബാക്കി സ്കോറും എന്ന അനുപാതം ദീക്ഷിക്കണം.
7. ഒരു ചോദ്യത്തിന് പരമാവധി നൽകാവുന്ന സ്കോർ മൊത്തം സ്കോറിന്റെ 10% മാത്രമായിരിക്കണം.
8. 80 മാർക്കിന്റെ ചോദ്യത്തിന് 2 1/2 മണിക്കൂറാണ് പരീക്ഷാ സമയം. 15 മിനിട്ട് സമാശ്വാസ സമയം അനുവദിക്കണം.
9. ചോദ്യങ്ങളുടെ ഉള്ളടക്കം ഒരേ ചോദ്യഭാഷയിൽ ആവരുത്.

## 4. ചോദ്യപേപ്പറിന്റെ ഘടന

1. ചോദ്യപേപ്പറിന്റെ ആമുഖമായി പൊതു നിർദ്ദേശങ്ങൾ നൽകിയിരിക്കണം.
2. അതതു ചോദ്യങ്ങൾക്കുനേരെ ആവശ്യമുള്ള നിർദ്ദേശങ്ങൾ നൽകിയിരിക്കണം.
3. ഉപന്യാസങ്ങൾക്ക് 'ചോയ്സ്' അനുവദനീയമാണ്. ആകെ മാർക്കിന്റെ 30% വരുന്ന വിധത്തിലായിരിക്കണം.

ഈ മാർഗ്ഗരേഖയെ ആധാരമാക്കി വിദ്യാർത്ഥിയുടെ പക്ഷത്തു നിന്നുകൊണ്ടുള്ള ചോദ്യങ്ങളായിരിക്കണം രൂപപ്പെടേണ്ടത്.

രജിസ്റ്റർ നമ്പർ:

# ഹയർ സെക്കന്ററി ഒന്നാം വർഷം

# മലയാളം (പാർട്ട് 2)

**സ്കോർ: 80**
**സമയം: 2.30 മണിക്കൂർ**

---

**പൊതുനിർദ്ദേശങ്ങൾ**

- നിർദ്ദിഷ്ട സമയത്തിന് പുറമേ 15 മിനിട്ട് 'സമാശ്വാസ സമയം' ഉണ്ടായിരിക്കും.
- ചോദ്യങ്ങളോടൊപ്പം നൽകിയിട്ടുള്ള സൂചനകൾ വ്യക്തമായി മനസ്സിലാക്കിയശേഷം മാത്രം ഉത്തരം എഴുതുക.

## A

1. **ബ്രാക്കറ്റിൽനിന്ന് ശരിയായ ഉത്തരം തെരഞ്ഞെടുത്ത് എഴുതുക. (ഒരു സ്കോർ വീതം)** 4 x 1 = 4

a. ബാലചന്ദ്രൻ ചുള്ളിക്കാടിന്റെ 'സന്ദർശനം' എന്ന കവിത ഏത് കാവ്യ സമാഹാരത്തിൽ നിന്ന് എടുത്തതാണ്? (ഗസൽ, പതിനെട്ട് കവിതകൾ, അമാവാസി, മാനസാന്തരം)

b. 'വിജയിയായ അഭിമന്യുവിനെപ്പോലെ ആ ബാലൻ നിൽക്കുകയായിരുന്നു' (ലാത്തിയും വെടിയുണ്ടയും - ലളിതാംബിക അന്തർജ്ജനം) ഇവിടെ പരാമർശിക്കുന്ന അഭിമന്യു ഏത് കൃതിയിലെ കഥാപാത്രമാണ്? (രാമായണം, ശാകുന്തളം, ഇലിയഡ്, മഹാഭാരതം)

c. 'കൃഷ്ണഗാഥ' - ഇതിലെ 'ഗാഥ' എന്ന പദത്തിന്റെ അർത്ഥം എന്ത്? (പാട്ട്, ചരിത്രം, കഥ, ഇതിഹാസം)

d. "അദ്ദേഹം എന്നെ അടുത്തു വിളിച്ച് രണ്ടുകൈയും ഈ തലയിൽവച്ച് അനുഗ്രഹിച്ചു. സരസ്വതി! സാക്ഷാൽ സരസ്വതി തന്നെ..." (ഓർമ്മയുടെ ഞരമ്പ് - കെ.ആർ. മീര.)

വൃദ്ധയെ അനുഗ്രഹിച്ച മഹാകവി ആര്? (കുമാരനാശാൻ, വള്ളത്തോൾ, ജി.ശങ്കരക്കുറുപ്പ്, പി. കുഞ്ഞിരാമൻ നായർ

## B

2. **കൂട്ടത്തിൽപ്പെടാത്തതേത്? (ഒരു സ്കോർ വീതം)** 4 x 1 = 4

a. അഭിഭാഷകർ, വൈദ്യർ, നിയമപാലകർ, അധ്യാപകർ

b. റഫീക്ക് അഹമ്മദ്, മോഹനകൃഷ്ണൻ കാലടി, എൻ. എ. നസീർ, ടി. പി. രാജീവൻ

c. ആടുജീവിതം, അഗ്നിസാക്ഷി, രണ്ടാമൂഴം, മാമ്പഴം

d. നരകരാത്രി, പൊൻചെമ്പകം, കൃഷ്ണകാന്തം, കനകമൈലാഞ്ചി

## C

3. ചേരും പടി ചേർക്കുക. 4 x 1 = 4

| | | |
|---|---|---|
| a. അരുണാചലം | - | ഡോക്യുമെന്ററി |
| b. നേത്രോന്മീലനം | - | ദൈവദശകം |
| c. കൈപ്പാട് | - | വേരുകൾ |
| d. ശ്രീനാരായണഗുരു | - | കെ.ആർ. മീര |

## D

**4. ശരിയോ തെറ്റോ എന്നെഴുതുക.** 2 x 1 = 2

a. അവൻ വെള്ളത്തെ കുടിച്ചു എന്ന് സാധാരണ മലയാളികൾ പ്രയോഗിക്കാറുണ്ട്

b. ഖാസി മുഹമ്മദിന്റെ രചനയാണ് മുഹ്‌യുദ്ദീൻ മാല.

രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരം എഴുതുക. 2 x 1 = 2

5. നിന്റെകണ്ണിൽ നിന്നും പുറപ്പെട്ട കാന്തവീചിയെൻ ജീവനെത്തേടി

(അപൂർണ്ണം - ബാലചന്ദ്രൻ ചുള്ളിക്കാട്)

സമാനമായ ആശയം ബാലചന്ദ്രൻ ചുള്ളിക്കാടിന്റെ 'സന്ദർശന'ത്തിൽനിന്ന് കണ്ടെത്തി എഴുതുക?

മൂന്നോ നാലോ വാക്യത്തിൽ ഉത്തരം എഴുതുക. 5 x 3 = 15

6. "പിള്ളരേ നുള്ളിനാനെന്നങ്ങു ചൊല്ലിട്ടു
പീലികൊണ്ടെന്നെയടിച്ചാളമ്മ" കൃഷ്ണഗാഥ - ചെറുശ്ശേരി

ഈ വരികളിൽ തെളിയുന്ന ഭാവതലം വ്യക്തമാക്കുക.

7. "ആദ്യത്തെ കഥ സ്വാതന്ത്ര്യസമരത്തിനുവേണ്ടി ജയിലിൽ പോകുന്ന സ്ത്രീയെക്കുറിച്ചായിരുന്നു"- ഓർമ്മയുടെ ഞരമ്പിലെ വൃദ്ധയുടെ ജീവിതവും അവരുടെ എഴുത്തും. ഈ അസ്വാതന്ത്ര്യം പങ്കിടുന്നുണ്ടോ? കഥയിലെ ഒരു സന്ദർഭം ഉദാഹരിക്കുക.

8. 'മുഹ്‌യുദ്ദീൻ മാല'യുടെ ഭാഷയെക്കുറിച്ച് കുറിപ്പെഴുതുക.

9. 'ലാത്തിയും വെടിയുണ്ടയും' എന്ന പാഠഭാഗത്തിൽ സ്വാതന്ത്ര്യസമരചരിത്രവുമായി ബന്ധപ്പെട്ട ഒരു രംഗം കണ്ടെത്തി ഹൃദയസ്പർശിയായ ഭാഷയിൽ അവതരിപ്പിക്കുക.

10. "അരുളുള്ളവനാണു ജീവിയെ-
ന്നുരുവിട്ടീടുകയീനവാക്ഷരി"

(അനുകമ്പാദശകം - ശ്രീനാരായണഗുരു)

അരുൾ - കാരുണ്യം

ഈ വരികളിലെ ദർശനം വ്യക്തമാക്കി കുറിപ്പെഴുതുക.

**അരപ്പുറത്തിൽ ഉത്തരം എഴുതുക.** 5 x 5 = 25

11. "പുറപ്പെട്ടേടത്താ-ണൊരായിരം കാതമവൾ നടന്നിട്ടും" (സംക്രമണം - ആറ്റൂർ രവിവർമ്മ)

ഈ വരികളിൽ തെളിയുന്ന സ്ത്രീയുടെ അവസ്ഥ വർത്തമാനകാലത്തെ സ്ത്രീയുടെ അവസ്ഥയുമായി ബന്ധപ്പെടുത്തി കാവ്യഭാഗത്തിന് നിരൂപണക്കുറിപ്പ് തയ്യാറാക്കുക.

12. 'കായലരികത്ത്' എന്ന ചലച്ചിത്രഗാനത്തിലെ നാട്ടുമൊഴിഭംഗിയുള്ള പ്രയോഗങ്ങൾ കണ്ടെത്തി അത് ഗാനത്തിന്റെ ഭാവഭംഗിക്ക് വരുത്തുന്ന സവിശേഷത വ്യക്തമാക്കുക.

13. "അർത്ഥമുള്ളത് കവിതയല്ല അർത്ഥത്തിനപ്പുറത്തുള്ളതാണ് കവിത" - (കാവ്യകലയെക്കുറിച്ച് ചില നിരീക്ഷണങ്ങൾ - എം. എൻ. വിജയൻ)

"വെളിച്ചം ദുഃഖമാണുണ്ണീ തമസ്സല്ലോ സുഖപ്രദം " (ഇരുപതാം നൂറ്റാണ്ടിന്റെ ഇതിഹാസം - അക്കിത്തം)

എം. എൻ വിജയന്റെ നിരീക്ഷണത്തെ അക്കിത്തത്തിന്റെ കവിതയുമായി ചേർത്തുവെച്ച് ലഘുകുറിപ്പ് തയ്യാറാക്കുക.

14. പച്ചയുടെ വേരിനായി
കാത്തുവയ്ക്കേണ്ടത്
പട്ട് പോയവയെ അല്ല

ഉയിരിന്റെ പച്ചകുത്തിയ
ഇല ഞരമ്പുകളെ (ഉണക്കിലകൾ - ജെനി ആൻഡ്രൂസ്)

(പട്ട് പോവുക - ജീർണിക്കുക)

എൻ.എ. നസീറിന്റെ 'വേരുകൾ നഷ്ടപ്പെടുത്തുന്നവർ' എന്ന അനുഭവക്കുറിപ്പ് നൽകുന്ന കാഴ്ചപ്പാട് കാവ്യഭാഗവുമായി ചേർത്ത് താരതമ്യപ്പെടുത്തുക.

15. "വന്നതുപോലെതന്നെ
ഞാൻ തനിയേ പോകയാണ്"

(അനർഘ നിമിഷം - ബഷീർ)

"കൂടിയല്ലാപിറക്കുന്ന നേരത്തും
കൂടിയല്ലാ മരിക്കുന്ന നേരത്തും"

(ജ്ഞാനപ്പാന - പൂന്താനം)

ഈ രചനകളിൽ സമാനമായ ജീവിതദർശനമണോ ആവിഷ്കരിക്കുന്നത്?. പ്രതികരണക്കുറിപ്പ് തയാറാക്കുക.

ഒന്നരപ്പുറത്തിൽ ഉത്തരം എഴുതുക. 8 x 3 = 24

16. അതിജീവനത്തിന്റെ പുതിയകാലചിത്രമാണ് 'മത്സ്യം' എന്ന കവിതയിൽ ടി.പി. രാജീവൻ ആവിഷ്കരിക്കുന്നത്- ഈ ആശയത്തോട് നിങ്ങൾ യോജിക്കുന്നുണ്ടോ? കവിത അപഗ്രഥിച്ച് ഉപന്യാസം തയാറാക്കുക.

അല്ലെങ്കിൽ

"ഷെക്സ്പിയറെപ്പോലെയുള്ള ഒരു അസാമാന്യ പ്രതിഭ സ്ത്രീയായാണ് ജനിച്ചിരുന്നതെങ്കിൽ ഉടുപ്പ് തുന്നിയും പാചകം ചെയ്തും തുണി അലക്കിയും ജന്മം ഒടുക്കുമായിരുന്നു." (വെർജീനിയ വൂൾഫ്)- ഈ അഭിപ്രായത്തെ 'ഓർമ്മയുടെ ഞരമ്പ്' എന്ന കഥയിലെ ആശയവുമായി ബന്ധപ്പെടുത്തി വിശകലനക്കുറിപ്പ് തയാറാക്കുക.

17. "ദാരിദ്ര്യത്തിലും പുലർത്തുന്ന പ്രത്യാശയാണ് 'സൈക്കിൾ മോഷ്ടാക്കൾ' എന്ന സിനിമയുടെ കേന്ദ്ര പ്രമേയം" - ഈ അഭിപ്രായത്തോടുള്ള നിങ്ങളുടെ പ്രതികരണം ഉപന്യാസരൂപത്തിൽ എഴുതുക.

അല്ലെങ്കിൽ

"കമ്പോളത്തിനുവേണ്ടി ഉൽപാദിപ്പിക്കപ്പെടുന്ന കേവല വിനോദസിനിമകൾ ജീവിതയാഥാർഥ്യങ്ങളിൽ നിന്നുള്ള പലായനം ആണ് ജനങ്ങൾക്ക് വാഗ്ദാനം ചെയ്യുന്നത്." (സിനിമയും സമൂഹവും - ഒ.കെ. ജോണി) ഈ കാഴ്ചപ്പാടിന്റെ വെളിച്ചത്തിൽ നിങ്ങൾ കണ്ട ഒരു സിനിമയെ വിലയിരുത്തി ഉപന്യാസം തയാറാക്കുക.

18. "ഉയിരിൻ കൊലക്കുടുക്കാക്കാവും കയറിനെ-
യുഴിഞ്ഞാലാക്കിത്തീർക്കാൻ കഴിഞ്ഞതല്ലേ ജയം!"

'ഊഞ്ഞാലിൽ' എന്ന കവിത മുന്നോട്ട് വയ്ക്കുന്ന ജീവിതദർശനത്തിന്റെ പ്രാധാന്യം വ്യക്തമാക്കും വിധം ഉപന്യാസം തയാറാക്കുക.

അല്ലെങ്കിൽ

"നീയും ഞാനും എന്നുള്ള യാഥാർഥ്യത്തിൽ നിന്ന് അവസാനം നീ മാത്രമായ് അവശേഷിക്കാൻ പോകയാണ് നീമാത്രം." (അനർഘ നിമിഷം - ബഷീർ) മനുഷ്യജീവിതത്തെക്കുറിച്ചുള്ള എന്ത് ദർശനമാണ് ബഷീർ ഇവിടെ അവതരിപ്പിക്കുന്നത് ഉപന്യസിക്കുക.

# Answer Key

| Qn. No. | Sub Qns | Value points | Score | Total |
|---|---|---|---|---|
| 1 | a | അമാവാസി | 1 | 1 |
| | b | മഹാഭാരതം | 1 | 1 |
| | c | പാട്ട് | 1 | 1 |
| | d | വള്ളത്തോൾ | 1 | 1 |
| 2 | a | വൈദ്യർ | 1 | 1 |
| | b | എൻ.എ. നസീർ | 1 | 1 |
| | c | മാമ്പഴം | 1 | 1 |
| | d | നരകരാത്രി | 1 | 1 |
| 3 | a<br>b<br>c<br>d | അരുണാചലം - വേരുകൾ<br>നേത്രോന്മീലനം - കെ.ആർ.മീര<br>കൈപ്പാട് - ഡോക്യുമെന്ററി<br>ശ്രീനാരായണഗുരു - ദൈവദശകം | 1<br>1<br>1<br>1 | 1<br>1<br>1<br>1 |
| 4 | a | തെറ്റ് | 1 | 1 |
| | b | ശരി | 1 | 1 |
| 5 | | ആശയം കണ്ടെത്തിയിട്ടുണ്ട് | 2 | 2 |
| 6 | 1 | ആശയം മനസ്സിലാക്കിയിട്ടുണ്ട് | 1 | |
| | 2 | മാതൃവാത്സല്യത്തെക്കുറിച്ചുള്ള ധാരണ | 2 | 3 |
| 7 | 1 | സന്ദർഭം കണ്ടെത്തിയതിന് | 1 | |
| | 2 | ഉചിതമായ ഭാഷയിൽ ആവിഷ്കരിച്ചതിന് | 2 | 3 |
| 8 | | വരികളുടെ ലാളിത്യം കണ്ടെത്തിയിട്ടുണ്ട് | 3 | 3 |
| 9 | 1 | പാഠഭാഗം മനസ്സിലാക്കിയിട്ടുണ്ട് | 1 | |
| | 2 | ഹൃദയ സ്പർശിയായ രംഗം അവതരിപ്പിച്ചതിന് | 2 | 3 |
| 10 | 1 | ആശയം മനസ്സിലാക്കിയതിന് | 2 | |
| | 2 | ഉചിതമായ ഭാഷയിൽ അവതരിപ്പിച്ചതിന് | 1 | 3 |
| 11 | 1 | കവിതയുടെ ആശയതലം മനസ്സിലാക്കിയതിന് | 1 | |
| | 2 | സ്ത്രീ അവസ്ഥയുടെ ഉദാഹരണങ്ങൾ ചൂണ്ടിക്കാട്ടിയതിന് | 2 | |
| | 3 | തനിമയാർന്ന നിരീക്ഷണത്തിന് | 2 | 5 |
| 12 | 1 | നാട്ടുമൊഴിഭംഗിയുള്ള വരികൾ കണ്ടെത്തിയതിന് | 1 | |
| | 2 | അപഗ്രഥിച്ചതിന് | 2 | |
| | 3 | ഭംഗിയായി ആവിഷ്കരിച്ചതിന് | 2 | 5 |
| 13 | 1 | കവിതാ ഭാഗത്തെ വിലയിരുത്തിയതിന് | 2 | |
| | 2 | തനിമയാർന്ന നിരീക്ഷണത്തിന് | 2 | |
| | 3 | ഉചിതമായ ഭാഷയ്ക്ക് | 1 | 5 |

| Qn. No. | Sub Qns | Value points | Score | Total |
|---|---|---|---|---|
| 14 | 1 | സാജാത്യവൈജാത്യങ്ങൾ കണ്ടെത്തിയതിന് | 3 | |
| | 2 | ഉചിതമായ ആവിഷ്കാരത്തിന് | 2 | 5 |
| 15 | 1 | ജീവിത ദർശനം കണ്ടെത്തിയതിന് | 3 | |
| | 2 | നിരീക്ഷണത്തിലെ മൗലികത | 2 | 5 |
| 16 | a) 1 | കവിതയിലെ ആശയ ഗ്രഹണത്തിന് | 2 | |
| | 2 | അപഗ്രഥിയ്ക്കുവാനുള്ള കഴിവിന് | 3 | |
| | 3 | സ്വന്തം നിരീക്ഷണങ്ങൾ ആവിഷ്കരിച്ചതിന് | 2 | |
| | 4 | ഭാഷാപരമായ മികവ് | 1 | 8 |
| | b) 1 | ആശയ സ്വാംശീകരണത്തിന് | 3 | |
| | 2 | അഭിപ്രായങ്ങൾ യുക്തിസഹമായി അവതരിപ്പിച്ചതിന് | 3 | |
| | 3 | തനിമയുള്ള നിരീക്ഷണങ്ങൾക്ക് | 2 | 8 |
| 17 | a) 1 | പ്രമേയം ഉൾക്കൊണ്ടതിന് | 3 | |
| | 2 | സ്വാഭിപ്രായ സമർത്ഥത്തിന് | 3 | |
| | 3 | ഉപന്യാസ ഘടനയ്ക്ക് | 2 | 8 |
| | b) 1 | ആശയം ഗ്രഹിച്ചതിന് | 1 | |
| | 2 | സിനിമാസ്വാദനത്തിന് | 2 | |
| | 3 | പ്രസ്താവനയുമായ് ഘടിപ്പിച്ചതിന് | 3 | |
| | 4 | സ്വതന്ത്രവും മൗലികവുമായി നിരീക്ഷണത്തിന് | 2 | 8 |
| 18 | a) 1 | കവിതയുടെ ആശയം ഗ്രഹിച്ചതിന് | 1 | |
| | 2 | ജീവിത ദർശനം തിരിച്ചറിഞ്ഞതിന് | 2 | |
| | 3 | സമകാലീന ജീവിതാവസ്ഥയുമായി ഇണക്കിച്ചേർത്തതിന് | 3 | |
| | 4 | തനിമയുള്ള നിരീക്ഷണത്തിന് | 2 | 8 |
| | b) 1 | കഥയുടെ ആശയം ഉൾക്കൊണ്ടതിന് | 2 | |
| | 2 | ബന്ധങ്ങളെക്കുറിച്ച് മനസ്സിലാക്കിയതിന് | 3 | |
| | 3 | തനിമയുള്ള ഏകോപനത്തിന് | 2 | |
| | 4 | തനതായ ആവിഷ്കരണത്തിന് | 1 | 8 |

രജിസ്റ്റർ നമ്പർ:

# ഹയർ സെക്കന്ററി ഒന്നാം വർഷം

# മലയാളം (പാർട്ട് 2)

**സ്കോർ: 80**
**സമയം: 2 ½ മണിക്കൂർ**

---

**പൊതുനിർദ്ദേശങ്ങൾ**
- നിർദ്ദിഷ്ട സമയത്തിന് പുറമേ 15 മിനിട്ട് 'സമാശ്വാസ സമയം' ഉണ്ടായിരിക്കും.
- ചോദ്യങ്ങളോടൊപ്പം നൽകിയിട്ടുള്ള സൂചനകൾ വ്യക്തമായി മനസ്സിലാക്കിയശേഷം മാത്രം ഉത്തരം എഴുതുക.

## A

1 **ബ്രാക്കറ്റിൽനിന്ന് ശരിയായ ഉത്തരം തെരഞ്ഞെടുത്ത് എഴുതുക. (ഒരു സ്കോർ വീതം)** 4 x 1 = 4

a. 'സന്ദർശനം' എന്ന കവിതയിലെ മുഖ്യ ഭാവമെന്ത്? (മാതൃത്വം, മരണം, പ്രണയം, വിജയം)

b. പുരുഷൻ നിഷ്ഫലഗന്ധപുഷ്പമാകുന്നത് എപ്പോൾ? (നവാക്ഷരി ഉരുവിടുമ്പോൾ, അനുകമ്പയില്ലാതെ പെരുമാറുമ്പോൾ, പരമമായ പൊരുളറിയുമ്പോൾ, വിദ്യാഭ്യാസം നേടുമ്പോൾ)

c. അമ്മ അയൽക്കാരിയോട് തന്റെ കുട്ടിയെ പഠിപ്പിക്കാൻ പറഞ്ഞു. വാക്യത്തിലെ കർമ്മാർത്ഥം സൂചിപ്പിക്കുന്ന പദമേത് (അയൽക്കാരിയോട്, കുട്ടിയെ, അമ്മ, തന്റെ)

d. മത്സ്യം എന്ന കവിതയിൽ ഭാവിയെക്കുറിച്ചുള്ള ദുരന്തശങ്ക പ്രത്യക്ഷപ്പെടുന്നത് ഏത് പ്രയോഗത്തിലാണ്? (ഒറ്റയ്ക്ക് പൊരുതി നിന്നു, കടൽ ദഹിച്ചു ദഹിച്ചു വരുന്നതറിയാതെ, ഒരു കഥയിലും പിടികൊടുത്തില്ല, ഒഴുക്കുകൾ ഉൾവലിയുന്നു)

## B

2. **താഴെപ്പറയുന്നവയിൽ കൂട്ടത്തിൽപ്പെടാത്തതേത്? (ഒരു സ്കോർ വീതം)** 4 x 1 = 4

a. കൈപ്പാട്, നീലക്കുയിൽ, ബൈസിക്കിൾ തീവ്സ്, റാഷമോൺ

b. മാനസാന്തരം, ശ്രീരേഖ, ഗസൽ, അമാവാസി

c. ഖുത്തുതബായി, ബൈത്താക്കി, കണ്ടിക്കഞ്ചേല, ശൈഖ്

d. നളിനി, ഭൂമിയുടെ അവകാശികൾ, കൊച്ചുസീത, സൗന്ദര്യപൂജ

## C

3. **ചേരും പടി ചേർക്കുക.** 4 x 1 = 4

| | | |
|---|---|---|
| a. ആരാച്ചാർ | - | അഗ്നിസാക്ഷി |
| b. അന്റോണിയോറിച്ചി | - | വാസനാവികൃതി |
| c. ദേശീയബോധം | - | കെ. ആർ. മീര |
| d. മലയാളത്തിലെ ഒന്നാമത്തെ ചെറുകഥ | - | വിറ്റോറിയോ ഡിസീക്ക |

## D

4. **ശരിയോ തെറ്റോ എന്നെഴുതുക.** 2 x 1 = 2

a. കുട്ടിയുടെ മനസ്സിലൂടെ ലോകയുദ്ധത്തിന്റെ ഭീതി ജനിപ്പിക്കുന്ന സിനിമയാണ് 'കേൾക്കുന്നുണ്ടോ'?

b. നാട്ടുമുദ്ര പതിഞ്ഞ വാക്കുകൾ നിറഞ്ഞതാണ് ചെറുശ്ശേരിയുടെ കാവ്യഭാഷ.

മൂന്നോ നാലോ വാക്യത്തിൽ ഉത്തരം എഴുതുക. 2 x 1 = 2

5. തിരുവാതിരത്തീക്കട്ട എന്ന പ്രയോഗത്തിന്റെ സവിശേഷത കവിതയുടെ ആശയവുമായി ചേർത്ത് വിവരിക്കുക

മൂന്നോ നാലോ വാക്യത്തിൽ ഉത്തരം എഴുതുക. 5 x 3 = 15

6. "എന്നെപ്പറ്റി നിനക്കെല്ലാം അറിയാം. ഇനിയും സൗകര്യം പോലെ വായിക്കാവുന്ന ഒരു ലഘു ഗ്രന്ഥ മാണല്ലോ ഞാൻ" - അനർഘ നിമിഷം - ബഷീർ. ഈ പ്രസ്താവനയുടെ പൊരുൾ കണ്ടെത്തുക.

7. "പെണ്ണുങ്ങൾ കാണാത്ത പാതിരാനേരങ്ങൾ
എങ്ങിനെയാവുമാ പാർക്കിൽ?
എല്ലാ വിളക്കുമണഞ്ഞാലീപാതിരാ
എങ്ങിനെ ആവുമീ നാട്ടിൽ?
വീണുകിടക്കും നിലാവ് കുടിയ്ക്കുവാൻ
ആടും നിഴലുകൾ നോക്കും
പെണ്ണുങ്ങൾ കാലുവെയ്ക്കാത്തതാം പാതിരാ
ക്കുന്നിലെന്താവുമന്നേരം?"

(പെണ്ണുങ്ങൾ കാണാത്ത പാതിരാനേരങ്ങൾ - വി.എം. ഗിരിജ)

കവിതയിൽ ഉന്നയിക്കുന്ന സാമൂഹിക പ്രശ്നം എന്ത്? വിശദീകരിക്കുക

8. കനകച്ചിലങ്ക കിലുങ്ങിക്കിലുങ്ങി
കാഞ്ചനകാഞ്ചി കുലുങ്ങിക്കുലുങ്ങി
കടമിഴിക്കോണുകളിൽ സ്വപ്നം മയങ്ങി
കതിരുതിർ പൂപ്പുഞ്ചിരി ചെഞ്ചുണ്ടിൽ തങ്ങി
ഒഴുകുമുടയാടകളിലൊളിയലകൾ ചിന്നി
അഴകൊരുടലാർന്നപോലങ്ങനെമിന്നി

(കാവ്യനർത്തകി - ചങ്ങമ്പുഴ)

"വാക്കുകളുടെ നൃത്തമാണ് കവിത" - എം. എൻ വിജയന്റെ നിരീക്ഷണം ഈ കവിതാശകലത്തിന് യോജിക്കുന്നുണ്ടോ?

9. 'സന്ദർശനം' എന്ന കവിതയെ ഹൃദയ സ്പർശിയായ അനുഭവമാക്കുന്നത്. അതിൽ ഉൾച്ചേർന്ന വിഷാ ദഭാവമാണ് ഈ പ്രസ്താവന വിശദമാക്കുക.

10. "ഏറിയ ദഃഖത്തിലും ജീവിതോല്ലാസത്തിന്റെ വേരുറപ്പിവിടേപ്പോൽക്കാണുമോ വേറെങ്ങാനും" ഈ വരികളിലെ ജീവിതദർശനം കണ്ടെത്തി കുറിപ്പ് തയ്യാറാക്കുക

(ഊഞ്ഞാലിൽ - വൈലോപ്പിള്ളി)

(5 x 5 = 25

അരപ്പുറത്തിൽ ഉത്തരം എഴുതുക.

11. "ലാത്തിയും വെടിയുണ്ടയും" എന്ന പാഠഭാഗത്ത് സ്വാതന്ത്ര്യസമര ചരിത്രത്തിലെ നിറമുള്ള ഓർമ്മ യായ് വീരകുമാറിനെ ലളിതാംബിക അന്തർജ്ജനം ചിത്രീകരിക്കുന്നുണ്ട്. ഈ രംഗം സ്വന്തം ഭാഷയിൽ വിവരിക്കുക

12. "ആറ്റിലും തീയിലും വീഴാതെ കണ്ടെന്നെ-
പ്പോറ്റി വളർത്തതു നിങ്ങളല്ലോ
ഇങ്ങനെയുള്ള ഞാനെന്നെ മറക്കിലും
നിങ്ങളേയെന്നും മറക്കയില്ലേ" (കൃഷ്ണഗാഥ - ചെറുശ്ശേരി)

ഈ കവിതഭാഗം വർത്തമാനകാല സാമൂഹിക സാഹചര്യവുമായി ബന്ധപ്പെടുത്തി കുറിപ്പ് തയ്യാറാ ക്കുക.

13. 'വേരുകൾ നഷ്ടപ്പെടുത്തുന്നവർ' - എന്ന അനുഭവക്കുറിപ്പിൽ അരുണാചലം എന്ന വ്യക്തിയിലൂടെ എൻ.എ.നസീർ മുന്നോട്ട് വയ്ക്കുന്ന പ്രകൃതിപാഠം എന്ത്?

14. ശബ്ദങ്ങളാണ് ഹസ്നയുടെ ലോകത്തെ സജീവമാക്കുന്നത്. ഗീതുമോഹൻദാസിന്റെ കേൾക്കുന്നുണ്ടോ എന്ന ഹ്രസ്വ ചിത്രത്തിലുള്ള ഈ ആശയം തിരിച്ചറിയാൻ കഴിയുന്ന ഏതെങ്കിലും ഒരു സന്ദർഭം വിവരിക്കുക.

15. "പൂങ്കിളി കൗമാരത്തിന്നിത്തിരി കാലം വേണം മാങ്കനികളിൽ നിന്നു മാമ്പൂവിലെത്തിച്ചേരാൻ"

ഊഞ്ഞാലിൽ - വൈലോപ്പിള്ളി

ഈ വരികളിലെ അർഥസാദ്ധ്യതകൾ കണ്ടെത്തി എഴുതുക.

ഒന്നരപ്പുറത്തിൽ ഉത്തരം എഴുതുക. $8 \times 3 = 24$

16. 'സാമൂഹികമാറ്റത്തിന്റെ ചാലകശക്തിയാണ് സിനിമ' ഈ ആശയത്തെ മുൻനിർത്തി 'സൈക്കിൾ മോഷ്ടാക്കൾ' എന്ന സിനിമയെ വിശകലനം ചെയ്ത് ഉപന്യാസം തയാറാക്കുക.

അല്ലെങ്കിൽ

'കൈപ്പാട്' എന്ന സിനിമ പ്രകൃതിയെയും മനുഷ്യരെയും സംബന്ധിച്ച എന്തെല്ലാം ആശയധാരകളാണ് പങ്കിടുന്നത്.

17. വൃദ്ധ, പത്മാക്ഷി, പെൺകുട്ടി - 'ഓർമ്മയുടെ ഞരമ്പ്' എന്ന കഥയിലെ ഈ കഥാപാത്രങ്ങൾ സ്ത്രീജീവിതത്തിന്റെ വ്യത്യസ്ത ഭാവങ്ങളെ പ്രതിനിധീകരിക്കുന്നു. നിരൂപണക്കുറിപ്പ് തയാറാക്കുക.

അല്ലെങ്കിൽ

'സന്ദർശനം' എന്ന കവിതയും കായലരികത്ത് എന്ന ചലച്ചിത്രഗാനവും പ്രണയം എന്ന ആശയത്തെ എങ്ങനെ സമീപിക്കുന്നു? താരതമ്യംചെയ്യുക.

18. ഒരിക്കൽ
നിന്നെക്കുളിപ്പിച്ചൊരുക്കിയ
അമ്മയുടെ കൈകളിൽ
അന്നു നീ കിലുക്കിക്കളിച്ച വളകൾ കാണില്ല.
അവയുടെ ചിരിയൊച്ചയും
നിന്റെ ഇളം കടിയേറ്റ പഴയ മോതിരം
ആ വിരലിൽനിന്ന്
എന്നേ വീണുപോയിരിക്കും.
എന്നാൽ
ഇപ്പോൾ അമ്മയുടെ കൈകളിലുണ്ട്
ചുളിവിന്റെ എണ്ണമില്ലാത്ത ഞൊറിവളകൾ
ഓർമകൾ കൊണ്ട് തിളങ്ങുന്നവ
ഏഴോ എഴുപതോ ഏഴായിരമോ
അതിൽ നിറഭേദങ്ങൾ

(അമ്മയെ കുളിപ്പിക്കുമ്പോൾ - സാവിത്രീ രാജീവൻ )

ഈ കവിതയും 'ശസ്ത്രക്രിയ' എന്ന കഥയും ഭാവപരമായി ഐക്യം പ്രാപിക്കുന്നുണ്ടോ? കഥയും കവിതയും വിശകലനം ചെയ്ത് നിങ്ങളുടെ അഭിപ്രായം സമർത്ഥിക്കുക.

അല്ലെങ്കിൽ

"ഒരു കുറ്റിച്ചൂല്
ഒരു നാറത്തേപ്പ് - ഞെണുങ്ങിയ വക്കാർ-
ന്നൊരു കഞ്ഞിപ്പാത്രം
ഒരട്ടിമണ്ണവൾ!"

(ആറ്റൂർ രവിവർമ്മ - സംക്രമണം)

ഈ വരികൾ വർത്തമാനകാലത്തെ സ്ത്രീജീവിതവുമായി ബന്ധപ്പെടുത്തി ഉപന്യസിക്കുക.

# Answer Key

| Qn. No. | Sub Qns | Value points | Score | Total |
|---|---|---|---|---|
| 1 | a | പ്രണയം | 1 | 1 |
| | b | അനുകമ്പയില്ലാതെ പെരുമാറുമ്പോൾ | 1 | 1 |
| | c | കുട്ടിയെ | 1 | 1 |
| | d | കടൽ ദഹിച്ച് ദഹിച്ച് വരുന്നതറിയാതെ | 1 | 1 |
| 2 | a | കൈപ്പാട് | 1 | 1 |
| | b | ശ്രീരേഖ | 1 | 1 |
| | c | കണ്ടിക്കഞ്ചേല | 1 | 1 |
| | d | ഭൂമിയുടെ അവകാശികൾ | 1 | 1 |
| 3 | a | ആരാച്ചാർ - കെ. ആർ. മീര | 1 | 1 |
| | b | അന്റോണിയോറിച്ചി - വിറ്റോറിയോ ഡിസീക്ക | 1 | 1 |
| | c | ദേശീയബോധം - അഗ്നിസാക്ഷി | 1 | 1 |
| | d | മലയാളത്തിലെ ഒന്നാമത്തെ ചെറുകഥ - വാസനാവികൃതി | 1 | 1 |
| 4 | a | തെറ്റ് | 1 | 1 |
| | b | ശരി | 1 | 1 |
| 5 | 1 | ആശയം കണ്ടെത്തിയിട്ടുണ്ട് | | |
| | 2 | ഉചിതമായ രൂപഘടനയ്ക്ക് | 2 | 2 |
| 6 | 1 | ആശയം മനസ്സിലാക്കിയിട്ടുണ്ട് | 1 | |
| | 2 | പൊരുൾ തിരിച്ചറിഞ്ഞിട്ടുണ്ട് | 2 | 3 |
| 7 | 1 | കവിതയുടെ അർഥതലം തിരിച്ചറിഞ്ഞിട്ടുണ്ട് | 1 | |
| | 2 | സാമൂഹികപ്രശ്നം കണ്ടെത്തിയതിന് | 2 | 3 |
| 8 | 1 | ആശയം കണ്ടെത്തിയതിന് | | |
| | 2 | പ്രതികരണം രേഖപ്പെടുത്തിയതിന് | 3 | 3 |
| 9 | 1 | കവിതയുടെ അർത്ഥതലം മനസ്സിലാക്കിയതിന് | 1 | |
| | 2 | ഉചിതമായ ആവിഷ്കാരത്തിന് | 2 | 3 |
| 10 | 1 | കേന്ദ്രാശയം മനസ്സിലാക്കിയതിന് | 2 | |
| | 2 | താരതമ്യപ്പെടുത്തിയതിന് | 1 | 3 |
| 11 | 1 | ഉള്ളടക്കം മനസ്സിലാക്കിയതിന് | 2 | |
| | 2 | സ്വന്തം ഭാഷയ്ക്ക് | 3 | 5 |
| 12 | 1 | ആശയം ഗ്രഹിച്ചതിന് | 2 | |
| | 2 | അപഗ്രഥിച്ചതിന് | 3 | 5 |
| 13 | 1 | പാഠഭാഗം മനസ്സിലാക്കിയതിന് | 2 | |
| | 2 | ഭംഗിയായി ആവിഷ്കരിച്ചതിന് | 3 | 5 |

| Qn. No. | Sub Qns | Value points | Score | Total |
|---|---|---|---|---|
| 14 | 1 | ദൃശ്യാവിഷ്കാരം മനസ്സിലാക്കിയതിന് | 2 | |
| | 2 | സന്ദർഭം വിവരിച്ചതിന് | 3 | 5 |
| 15 | 1 | കവിതഭാഗം ഗ്രഹിച്ചതിന് | 2 | |
| | 2 | ഉചിതമായി ആവിഷ്കരിച്ചതിന് | 3 | 5 |
| 16 | a) 1 | സിനിമയുടെ കേന്ദ്രാശയം ഗ്രഹിച്ചതിന് | 2 | |
| | 2 | വിശകലനം ചെയ്യാനുള്ള കഴിവിന് | 3 | |
| | 3 | തനിമയാർന്ന നിരീക്ഷണത്തിന് | 3 | 8 |
| | b) 1 | ഡോക്യുമെന്ററി കണ്ട് ആശയം മനസ്സിലാക്കിയതിന് | 2 | |
| | 2 | പാരിസ്ഥിതിക ബോധം ഉൾക്കൊണ്ടതിന് | 3 | |
| | 3 | നിരീക്ഷണത്തിലെ മൗലികത | 3 | 8 |
| 17 | a) 1 | കേന്ദ്രാശയം മനസ്സിലാക്കിയതിന് | 2 | |
| | 2 | കഥാപാത്ര വിശകലനം നടത്തിയതിന് | 3 | |
| | 3 | തനിമയാർന്ന നിരീക്ഷണത്തിന് | 3 | 8 |
| | b) 1 | പാഠഭാഗങ്ങൾ മനസ്സിലാക്കിയതിന് | 2 | |
| | 2 | സാമ്യവ്യത്യാസങ്ങൾ കണ്ടെത്തിയതിന് | 3 | |
| | 3 | ഭംഗിയായ ആവിഷ്കാരത്തിന് | 3 | 8 |
| 18 | a) 1 | പാഠഭാഗം മനസ്സിലാക്കിയതിന് | 1 | |
| | 2 | താരതമ്യപ്പെടുത്തിയതിന് | 3 | |
| | 3 | തനിമയാർന്ന നിരീക്ഷണത്തിന് | 2 | |
| | 4 | ഉചിതമായ ആവിഷ്കാരത്തിന് | 2 | 8 |
| | b) 1 | കവിത മനസ്സിലാക്കിയതിന് | 2 | |
| | 2 | വർത്തമാനകാലവുമായി ബന്ധപ്പെടുത്തിയതിന് | 3 | |
| | 3 | തനിമയാർന്ന നിരീക്ഷണത്തിന് | 3 | 8 |